"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിൽ ഐ.സി.റ്റി. ഉപകരണങ്ങൾ വാങ്ങുന്നത്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത (ബി) വകുപ്പ്**

**G.O.(Rt)No.73/2026/TRANS തീയതി,തിരുവനന്തപുരം, 21-02-2026**

---

പരാമർശം:-
1. സ.ഉ.(കൈ) നം 20/2013/ഐ.ടി.ഡി തീയതി 05/08/2013
2. സ.ഉ.(കൈ) നം 27/2018/ഐ.ടി.ഡി തീയതി 28/10/2018
3. ഗതാഗത കമ്മീഷണറുടെ 28/11/2025 ലെ MIT4/65/2025-TC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളുടെ ആവശ്യത്തിനായി, 2041-00-001-96-FAST എന്ന ശീർഷകത്തിൽ നിന്നും 3,59,02,000/-രൂപ (മൂന്ന് കോടി അമ്പത്തി ഒൻപത് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) ഉപയോഗിച്ച് ചുവടെ ചേർക്കുന്ന പട്ടികയിലെ ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരാണനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

**പട്ടിക**

| ക്രമ നം | ഇനം | എണ്ണം & നിരക്ക് | തുക |
|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ | 662 @ Rs. 35,000/- | Rs 2,31,70,000 (രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) |
| 2 | യുപിഎസ് യൂണിറ്റുകൾ | 69 @ Rs. 1,50,000/- | Rs 1,03,50,000 (ഒരു കോടി മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) |
| 3. | യുപിഎസ് ബാറ്ററികൾ | 1191 @ Rs. 2,000/- | 23,82,000 (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം) |
| **ആകെ എസ്റ്റിമേറ്റ് തുക = Rs. 3,59,02,000/- (മൂന്ന് കോടി അമ്പത്തിഒൻപത് ലക്ഷത്തി രണ്ടായിരം രൂപ മാത്രം)** | | | |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിലെ ആവശ്യത്തിനായി 2041-00-001-96-FAST ശീർഷകത്തിൽ നിന്നും 3,59,02,000/-രൂപ (മൂന്ന് കോടി അമ്പത്തി ഒൻപത് ലക്ഷത്തി രണ്ടായിരം മാത്രം) ഖണ്ഡിക (1) ൽ സൂചിപ്പിക്കുന്ന പട്ടികയിൽ പരാമർശിക്കും പ്രകാരമുള്ള ഐ.സി.ടി. ഉപകരണങ്ങൾ, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(1) മോട്ടോർ വാഹന വകുപ്പിന്റെ ആവശ്യങ്ങൾക്കുതകുന്നതും സി.പി.ആർ.സി.എസ് പോർട്ടലിൽ ലഭ്യമായതുമായ ഉപകരണങ്ങൾ പ്രസ്തുത പോർട്ടലിൽ നിന്നും വാങ്ങേണ്ടതാണ് .

(2) സി.പി.ആർ.സി.എസ് പോർട്ടലിൽ ലഭ്യമല്ലാത്ത ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്.

(3) ഇക്കാര്യത്തിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകളും നടപടി ക്രമങ്ങളും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P B NOOH I A S
SPECIAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Ratheesh R
Date: 23-02-2026 12:40:35

സെക്ഷൻ ഓഫീസർ

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം
ഇലക്ട്രോണിക്സ് & ഐ.ടി (ഐ.ടി - സെൽ) വകുപ്പ്
( ITCell-2/18/2026-ITD dated 27/01/2026)
ധനകാര്യ (ഇൻഡ് & പി.ഡബ്ല്യു.എ) വകുപ്പ് (I&PW-A1/29/2026-FIN dated 20/02/2026)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി